# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1341** — **11.02.2016-ൽ മറുപടിക്ക്**

## പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയുടെ പുനരുദ്ധാരണം

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

**മറുപടി**

**ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്**
**പൊതുമരാമത്ത് വകുപ്പ് മന്ത്രി**

(എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാനപാത കെ.എസ്.ടി.പി. ഏറ്റെടുത്തത് എന്നാണ്; പാതയുടെ ഏതൊക്കെ ഭാഗമാണ് ഇപ്പോൾ പുനരുദ്ധരിച്ചത്; ഇതിനായി ചെലവഴിച്ച തുക എത്ര; പാതയുടെ ആകെ ദൂരവും പുനരുദ്ധരിച്ച ഭാഗത്തെ ദൂരവും വ്യക്തമാക്കാമോ;

(എ) പുനലൂർ - മൂവാറ്റുപ്പുഴ സംസ്ഥാനപാതയിൽ പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള ഭാഗം നവീകരണത്തിനായി 28.05.2014-നാണ് കെ.എസ്.ടി.പി ഏറ്റെടുത്തത്. ടി പാതയുടെ ആകെ ദൂരം 132 കി.മീ. ആണ്. അതിൽ പൊൻകുന്നം തൊടുപുഴ റോഡിന്റെ 50 കി.മീ. പുനരുദ്ധാരണം നടന്നുകൊണ്ടിരിക്കുന്നു. ഇതിനായി ഇതുവരെ ചെലവഴിച്ച തുക 148 കോടി രൂപയാണ്.

(ബി) സംസ്ഥാന പാതയുടെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; ഈ ഭാഗത്ത് ഇനി എത്ര സ്ഥലം കെ.എസ്.ടി.പി. ഏറ്റെടുക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; വസ്തു ഏറ്റെടുക്കൽ വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ; ഏറ്റെടുക്കൽ നടപടി എന്നു പൂർത്തിയാക്കാനാകും എന്ന് പറയാമോ:

(ബി) പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തെ പുനരുദ്ധാരണം പിപിപി വ്യവസ്ഥയിൽ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇത് രണ്ട് ഘട്ടങ്ങളിലായിട്ടുള്ള ടെണ്ടർ പദ്ധതിയാണ്. ആദ്യത്തെ ഘട്ടത്തിലുള്ള RFQ issue ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുന്നു. ആന്വിറ്റി പേയ്മെന്റിനുള്ള അനുവാദം നൽകിയിട്ടുണ്ട്. പദ്ധതി ലോകബാങ്കിന്റെ അംഗീകാരത്തിന് അയച്ചിട്ടുണ്ട്. റോഡിന്റെ വികസനത്തിന് സ്വകാര്യ വ്യക്തികളിൽ നിന്ന് ഏറ്റെടുക്കേണ്ട 53.29 ഹെക്ടർ ഭൂമിയിൽ 99% നടപടി ക്രമങ്ങൾ പൂർത്തിയാക്കി ഏറ്റെടുത്തിട്ടുണ്ട്. ബാക്കി വരുന്ന അര ഹെക്ടർ മുകളിൽ വരുന്ന സ്ഥലത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

**ഏറ്റെടുക്കാൻ ബാക്കിയുള്ള സ്ഥല വിവരം**

| ജില്ല | ഗ്രാമം | വിസ്തീർണ്ണം |
|---|---|---|
| കൊല്ലം | പത്തനാപുരം | 0.0073 |
| പത്തനംതിട്ട | കലഞ്ഞൂർ | 0.0090 |
| | കൂടൽ | 0.0280 |
| | കോന്നി | 0.0612 |
| | മൈലപ്ര | 0.2250 |
| | റാന്നി | 0.0232 |
| | പഴവങ്ങാടി | 0.1440 |
| | ചേന്നക്കൽ | 0.0625 |
| കോട്ടയം | ളാലം | 0.0352 |
| | ആകെ | 0.5954 |

**സ്ഥലമെടുപ്പ് വൈകാനുണ്ടായ കാരണങ്ങൾ**

1.റോഡ് വികസനത്തിന് ഏറ്റെടുക്കേണ്ട സ്ഥലങ്ങളിലധികവും തുണ്ടു ഭൂമികളാണ്. അവയിൽ ചിലതിന്റെ സർവ്വേ നമ്പരുകൾ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടി രേഖകളിൽ നിന്ന് വിട്ടുപോയതിനാൽ അവ ഏറ്റെടുക്കാനുള്ള നടപടി വീണ്ടും ആരംഭം മുതൽ തുടങ്ങി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.

2. പഴയ സ്ഥലമെടുപ്പ് നിയമത്തിന്റെ കാലഹരണപ്പെടലും പുതിയത് നടപ്പിലാക്കുന്നതിന്റെ കാലതാമസവും കെ.എസ്.ടി.പി.യുടെ സ്ഥലമെടുപ്പിനെ പ്രതികൂലമായി ബാധിച്ചു.

3. നേരിട്ട് ഭൂമി വാങ്ങൽ നടപടി വഴി മതിയായ രേഖകൾ ഇല്ലാത്തതും തർക്കമുള്ളതുമായ ഭൂമികൾ ഏറ്റെടുക്കാൻ പറ്റാതെ വന്നിട്ടുണ്ട്.

4. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിരമിക്കലും, സ്ഥലമാറ്റവും പൊന്നുംവില നടപടിയുടെ പൂർത്തീകരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

പ്രശ്നപരിഹാരമായി സ്ഥലമുടമകളുമായി ചർച്ചയിലൂടെ ഏറ്റെടുക്കാൻ ബാക്കിയുള്ള സ്ഥലം മുൻകൂർ കൈവശം എടുക്കുന്നതിനുള്ള അനുമതി കെ.എസ്.ടി.പി.യ്ക്ക് നൽകിയിട്ടുണ്ട്. ജില്ലാതല

പർച്ചേസ് സമിതി വഴി ചർച്ചയിലൂടെ നേരിട്ട് ഭൂമി വാങ്ങുന്ന പ്രക്രിയ കെ.എസ്.ടി.പി. തുടർന്നുകൊണ്ടിരിക്കുന്നു. എങ്കിലും പുതിയ സ്ഥലമെടുപ്പ് നിയമപ്രകാരം നടപടികൾ പൂർത്തിയാക്കുന്നതിന് ഒരു വർഷംകൂടി വേണ്ടി വന്നേക്കാം.

(സി) സംസ്ഥാന പാതയുടെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തെ പുനരുദ്ധാരണം ഏതു രീതിയിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; ഇവയുടെ പ്രത്യേകതകൾ വ്യക്തമാക്കാമോ; എത്ര രൂപയാണ് പുനരുദ്ധാരണത്തിനായി വേണ്ടിവരുക; പുനരുദ്ധാരണം വൈകാനുണ്ടായ കാരണവും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) റോഡിന്റെ ടെൻഡർ നടപടികളായോ; ടെൻഡർ നടപടികൾ പൂർത്തിയാക്കി റോഡിന്റെ പുനരുദ്ധാരണം എന്ന് ആരംഭിക്കാനാകും എന്ന് പറയാമോ?

(സി) & (ഡി) പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള 80 കി.മീ. റോഡ് കെ.എസ്.ടി.പി. രണ്ട് പദ്ധതയിൽപ്പെടുത്തി PPP Hybrid Annuity (പൊതുസ്വകാര്യ പങ്കാളിത്തത്തോടെ) ആയിട്ടാണ് വികസിപ്പിക്കുന്നത്. ആയതിലേക്കുള്ള കോൺട്രാക്ടിൽ രണ്ടര വർഷം നിർമ്മാണ പ്രവർത്തനവും 10 വർഷം മെയിന്റനൻസുമാണ് നിഷ്കർഷിച്ചിരിക്കുന്നത്. VGF (Viabiliy Gap Fund) ആയി നിർമ്മാണ തുകയുടെ 40 ശതമാനം ലോകബാങ്ക് സഹായമായി നൽകുന്നതും ബാക്കി തുക കൺസഷനെയർ കണ്ടെത്തേണ്ടതുമാണ്. പ്രസതുത തുക സെമി ആന്വിറ്റി ആയി കോൺട്രാക്ടർക്ക് കൊടുക്കുന്നതാണ്. കരാറിൽ ആന്വിറ്റി തുകയിലേക്കായി റിവോൾവിംഗ് എൽ.സി വേണമെന്ന് ലോകബാങ്ക് നിഷ്കർഷിച്ചിരുന്നു. ഇപ്പോൾ റിവോൾവിംഗ് എൽ.സി ഇല്ലാതെ വർക്ക് ടെണ്ടർ ചെയ്യാനായി NOC ക്ക് വേണ്ടി ലോകബാങ്കിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്.

Salitha

സെക്ഷൻ ഓഫീസർ